# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1807
# 16.02.2016-ലെ മറുപടിക്ക്
# ഒരു ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| | **ശ്രീ. എം. ഉമ്മർ** | **ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി** |
| (എ) | ഒരു ഓഫീസിന് ഒരു ഡി.ഡി.ഒ (ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ) സംവിധാനം ഏർപ്പെടുത്തിയതു മൂലമുണ്ടായ പോരായ്മ കൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സംസ്ഥാനത്ത് സംയോജിത ധനകാര്യ മാനേജ്മെന്റ് ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള വിവിധ പരിഷ്ക്കാരങ്ങളിലൊന്നാണ് `ഒരു ഓഫീസ് ഒരു ഡി.ഡി.ഒ സംവിധാനം'. 7.9.2015 ലെ സ.ഉ. (സാധാ) നം.391/2015/ധന ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം one office one DDO സിസ്റ്റം വഴിയാക്കുകയുണ്ടായി. ഇതുവഴി ഗസറ്റഡ് ഉദ്യോഗസ്ഥർ സ്വന്തമായി ബില്ലെഴുതി ശമ്പളം മാറുന്ന സമ്പ്രദായം നിർത്തലാക്കുകയും പ്രസ്തുത ചുമതല ബന്ധപ്പെട്ട ഓഫീസിലെ ഡി.ഡി.ഒ യിൽ നിക്ഷിപ്തമാകുകയും ചെയ്തു. 17.11.15 ലെ സർക്കുലർ നം. 87/2015/ധനയിൽ ഇതു സംബന്ധിച്ചുള്ള വിശദീകരണവും നൽകി യിരുന്നു. |
| (ബി) | പ്രസ്തുത സംവിധാനം നടപ്പിലാക്കിയ പ്പോൾ ജീവനക്കാരുടെ അധിക ജോലി ഭാരത്തെ സംബന്ധിച്ച് പരിശോ ധിച്ചിട്ടുണ്ടോ; | Account Generating പോയിന്റു കൾ കുറയ്ക്കുക, ട്രഷറി ബില്ലുകളുടെ എണ്ണം കുറച്ച് ട്രഷറികളുടെ കാര്യക്ഷമത കൂട്ടുക, അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ സമർപ്പി ക്കപ്പെടുന്ന വൗച്ചറുകളുടെ എണ്ണത്തിൽ കുറവു വരുത്തുക കൂടാതെ സ്വന്തം ശമ്പളബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്ന അധിക ജോലി ഭാരത്തിൽ നിന്ന് ഗസറ്റഡ് ഓഫീസർമാരെ മോചിപ്പിച്ച് |
| (സി) | ഇത്തരം സംവിധാനം കാര്യക്ഷമമായി നടത്തുന്നതിന് ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ എന്തെല്ലാം നിർദ്ദേശ ങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | അവരുടെ കർമ്മ മേഖലയിലെ സേവനം കൂടുതൽ ഊർജ്ജിതമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തിയാണ് ഈ സംവിധാനം നടപ്പിലാക്കിയത്.<br>സംസ്ഥാനത്തെ നാലര ലക്ഷത്തോളമുള്ള നോൺ ഗസറ്റഡ് ജീവനക്കാരുടെ ശമ്പളവും അലവൻസുകളും വിതരണം ചെയ്യുന്നത് ബന്ധപ്പെട്ട ഓഫീസുകളിലെ ഡി.ഡി.ഒ മാരാണ്. ആയതിനാൽ അര ലക്ഷത്തോളം മാത്രം വരുന്ന ഗസറ്റഡ് ജീവനക്കാരുടെ ശമ്പളവിതരണവും കൂടി പ്രസ്തുത DDO മാരിൽ നിക്ഷിപ്ത മാക്കുക വഴി കാര്യമായ അധിക ജോലിഭാരം ഉണ്ടാകുന്നില്ല.<br>തിരുവനന്തപുരം കണ്ണൂർ ജില്ലകളിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന Regional SPARK help desk നൊപ്പം എറണാകുളം, കോഴിക്കോട് ജില്ലാ ട്രഷറികളിലും help desk-കൾ ആരംഭിക്കുന്നതാണ്. 25.1.16 മുതൽ SPARK-PMU ന്റെ പ്രവർത്തന സമയം 9 മുതൽ 6 വരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. പുതിയ സംവിധാന ത്തിലെ സംശയ ദൂരീകരണത്തിനായി ജില്ലാ തലത്തിൽ ട്രെയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ